ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അതാണ് ഞാൻ ചന്ദ്രമോഹനന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. അത് പ്രത്യേകമായി അറിയണമെങ്കിൽ നടപ്പിൽ വന്നതിനു ശേഷമേ സാധിക്കുകയുള്ളു എന്ന്.

ശ്രീ. കെ. ടി. കണ്ണാരൻ : ഷെഡ്യൂൾ പുതുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള കോൺട്രാക്ടർമാരുടെ ശല്യം ഒഴിവാക്കാൻ പി. ഡബ്ലിയു. ഡി. വർക്കുകൾ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മാത്രം കൊടുക്കുമെന്ന നയം സ്വീകരിച്ചാൽ സഹായകരമായിരിക്കുകയില്ലേ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അങ്ങനെയൊരു നയം വളരെക്കാലം മുമ്പുണ്ടായിരുന്നു. എല്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ട് ഇപ്പോൾ പേരിന് ഒന്നുരണ്ട് സൊസൈറ്റികൾ മാത്രമേയുള്ളു.

ശ്രീ. കെ. ടി. കണ്ണാരൻ : ഒരു നയമെന്ന നിലയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കാനും കോൺട്രാക്ടർമാരുടെ നീരാളി പിടുത്തത്തിൽ നിന്ന് ഒഴിവാക്കാൻ ഉതകുന്നവിധത്തിൽ സൊസൈറ്റികൾക്ക് പ്രാധാന്യം കൊടുക്കാനും തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അങ്ങനെയൊരു നയം അടിയന്തിരമായി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. കോൺട്രാക്ടർമാരെ നിശ്ശേഷം ഒഴിവാക്കുകയെന്നുള്ളത് പ്രായോഗികമല്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പുതിയ റേറ്റിനെ സംബന്ധിച്ച് കോൺട്രാക്ടർമാരിൽ നിന്ന് എന്തെങ്കിലും പ്രതികരണമുണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : പുതിയ റേറ്റിനെ സംബന്ധിച്ച് പ്രതികരണം അറിവായിട്ടില്ല. പഴയ റേറ്റ് പുതുക്കണമെന്നുള്ള പ്രതികരണമായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പുതുക്കിയത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : അത് നടപ്പിലാക്കിത്തുടങ്ങി എന്നു പറഞ്ഞു. അതിന്റെ പ്രത്യാഘാതം അറിയണമെന്നുണ്ടെങ്കിൽ കാത്തിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. അത് നടപ്പിലാക്കിയോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഒക്ടോബർ ഒന്നിന് ആണ് അത് നിലവിൽ വന്നത്. അതിന്റെ അടിസ്ഥാനത്തിൽ വർക്ക് ടെണ്ടർ ചെയ്യാൻ വിളിച്ചുകഴിഞ്ഞിട്ടില്ല. ടെണ്ടർ വിളിച്ചുകഴിഞ്ഞാലെ കോൺട്രാക്ടർമാരുടെ അഭിപ്രായം അറിയാൻ സാധിക്കുകയുള്ളു.

ഇലക്ട്രോണിക്സ് പരിശീലനത്തിനുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്

* 198. [218] ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, കെ പി. എ. മജീദ് :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് പരിശീലനത്തിനായി രൂപീകരിച്ചിട്ടുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശീലനത്തിന് അപേക്ഷകരെ തെരഞ്ഞെടുക്കുമ്പോൾ അതിൽ സംവരണ തത്വം പാലിക്കണമെന്ന വ്യവസ്ഥ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലും ഉൾപ്പെടുത്താൻ നടപടി എടുക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പരിഗണനയിലുള്ള ചട്ടങ്ങളനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല വിദ്യാഭ്യാസ മന്ത്രി അദ്ധ്യക്ഷനായുള്ള ഒരു ഭരണസമിതിക്കായിരിക്കും.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ആഫീസറായി നിയമിക്കപ്പെട്ട പ്രൊഫസർ എം. പി. നായരെയാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പരിശോധിക്കുന്നതാണ്.

ശ്രീ. പി. എം. അബൂബക്കർ : ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനമേഖല എത്രത്തോളം വ്യാപകമാണ് ; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : 1990-ാമാണ്ട് ആകുമ്പോഴേക്കും നമ്മുടെ സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഉൽപ്പാദനശേഷി രണ്ടായിരം കോടി രൂപയിൽ നിന്ന് പതിനായിരം കോടി രൂപയായിട്ട് വർദ്ധിപ്പിക്കാനായിട്ടാണ് കേന്ദ്ര സർക്കാർ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഇതിലേക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധൻമാരെ പരിശീലിപ്പിച്ചെടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതിന്റെ പ്രവർത്തനമേഖല കേരളമാണ്.

ശ്രീ. കെ. പി. എ. മജീദ് : ഇൻസ്റ്റിറ്റ്യൂട്ട് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും ?

ശ്രീ. ടി. എം. ജേക്കബ് : അടുത്ത ഏതാനും ആഴ്ചകൾക്ക് ശേഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മുനിസിപ്പൽ ജീവനക്കാരുടെ വേജ് ബോർഡ് ശുപാർശകൾ

* 199. [219] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ ജീവനക്കാരുടെ വേജ് ബോർഡ് ശുപാർശകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബോർഡ് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇവ എപ്പോൾ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly